പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *600 28.10.2016 ൽ മറുപടിക്ക്

## അമിതവേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>,, യു. ആർ. പ്രദീപ്<br>,, എം. മുകേഷ്<br>,, വി. കെ. സി. മമ്മത് കോയ | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മോട്ടോർ വാഹന നിയമം ലംഘിച്ച് അമിതവേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മോശം ഡ്രൈവിംഗിന്റെ കാര്യത്തിൽ കേരളം ആണ് മുന്നിലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇവയുടെ അടിസ്ഥാനത്തിൽ അപകടകരമാകുംവിധം അമിതവേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) അമിതവേഗത നിയന്ത്രിക്കുന്നതിനായി വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിതവേഗതയിലും അശ്രദ്ധമായും ഓടിക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അമിത വേഗത കണ്ടുപിടിക്കുന്നതിനായി ചേർത്തല മുതൽ മണ്ണുത്തി വരെയും ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാത കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, കോട്ടയം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട |

പ്രദേശങ്ങളിലും ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. വാളയാർ, വടക്കാഞ്ചേരി റോഡിലും ക്യാമറകൾ സ്ഥാപിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർ മാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും മൊബൈലിൽ സംസാരിച്ചുകൊണ്ടും വാഹനം ഓടിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അമിത വേഗതയിലും അശ്രദ്ധമായും വാഹനമോടിച്ച് അപകടം ഉണ്ടാക്കിയ ഡ്രൈവർമാർക്ക് എതിരെ കെ.എസ്.ആർ.റ്റി.സി വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ